# പത്രക്കുറിപ്പ്

## 84-ാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചുള്ള ഗതാഗത നിയന്ത്രണം

ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് 30.12.2016 തീയതി മുതൽ 01.01.2017 തീയതി വരെ മഠ് ജംഗ്ഷൻ, ഗുരുകുലം ജംഗ്ഷൻ എന്നിവിടങ്ങളിൽ നിന്നും ശിവഗിരിയിലേയ്ക്ക പാസ്സുള്ള വാഹനങ്ങൾ മാത്രം കടത്തി വിടുന്നതും കല്ലമ്പലം ഭാഗത്തു നിന്നും വരുന്ന തീർത്ഥാടന വാഹനങ്ങൾ നരിക്കല്ലുമുക്ക്, പാലച്ചിറ എന്നീ സ്ഥലലങ്ങളിൽ നിന്നും വലത്തോട്ടു തിരിഞ്ഞ് വട്ടപ്ലാമൂട് ജംഗ്ഷനിൽ തീർത്ഥാടകരെയിറക്കിയ ശേഷം ചെറിയ വാഹനങ്ങൾ ശിവഗിരി ഹൈസ്കൂൾ ഗ്രൗണ്ടിലും വലിയ വാഹനങ്ങൾ എസ്.എൻ നഴ്സിംഗ് കോളേജ്, എസ്. എൻ സെൻട്രൽ സ്കൂൾ, എസ്.എൻ കോളേജ് എന്നിവിടങ്ങളിലെ പാർക്കിംഗ് ഗ്രൗണ്ടുകളിലും പാർക്ക് ചെയ്യേണ്ടതാണ്.

അഞ്ചുതെങ്ങ്-കടയ്ക്കാവൂർ ഭാഗത്തു നിന്നും വാഹനങ്ങളിൽ വരുന്ന തീർത്ഥാടകർ മരക്കടമുക്ക്, പാലച്ചിറ വഴി ഗുരുകുലം ജംഗ്ഷനിലും പാരിപ്പള്ളി, കാപ്പിൽ എന്നിവിടങ്ങളിൽ നിന്നും വാഹനങ്ങളിൽ വരുന്നവർ അയിരൂർ, നടയറ വഴി ശിവഗിരി എസ്.എൻ കോളേജ് ജംഗ്ഷനിലുമെത്തി തീർത്ഥാടകരെയിറക്കിയ ശേഷം ചെറിയ വാഹനങ്ങൾ ശിവഗിരി ഹൈസ്കൂൾ ഗ്രൗണ്ടിലും വലിയ വാഹനങ്ങൾ എസ്.എൻ നഴ്സിംഗ് കോളേജ്, എസ്.എൻ സെൻട്രൽ സ്കൂൾ, എസ്.എൻ കോളേജ് എന്നിവിടങ്ങളിലെ പാർക്കിംഗ് ഗ്രൗണ്ടുകളിലും പാർക്ക ചെയ്യേണ്ടതാണ്. ശിവഗിരി തീർത്ഥാടകരുമായി ഏതെങ്കിലും വിധേന വർക്കല മൈതാനത്തു എത്തിച്ചേരുന്ന വാഹനങ്ങൾ ടി സ്ഥലത്തു തീർത്ഥാടകരെയിറക്കിയ ശേഷം ചെറിയ വാഹനങ്ങൾ ധന്യാ സൂപ്പർ മാർക്കറ്റിനു സമീപമുള്ള ഗ്രൗണ്ടിലും വലിയ വാഹനങ്ങൾ വർക്കല ഗസ്റ്റ് ഹൗസിനു സമീപമുള്ള ഗ്രൗണ്ടിലും പാർക്ക് ചെയ്യേണ്ടതാണ്.

ഗുരുകുലം ജംഗ്ഷൻ മുതൽ ശിവഗിരി ആൽത്തറമൂട് ജംഗ്ഷൻ വരെയും മഠ് ജംഗ്ഷൻ മുതൽ ശിവഗിരി ആൽത്തറമൂട് ജംഗ്ഷൻ വരെയുമുള്ള റോഡിൻെറ ഇരുവശങ്ങളിലും ഇടറോഡുകളിലും യാതൊരുവിധ പാർക്കിംഗും അനുവദിക്കുന്നതല്ല.

27/12

ജില്ലാ പോലീസ് മേധാവി,
തിരുവനന്തപുരം റൂറൽ.